പതിനാലാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 872** **29.09.2016-ന് മറുപടിയ്ക്ക്**

**<u>ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരത്തുകയിൽ നിന്നും പിടിക്കുന്ന ഇൻകം ടാക്സ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.മമ്മൂട്ടി** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരത്തുകയിൽ നിന്നും പിടിക്കുന്ന ഇൻകം ടാക്സ് (TDS) ടാക്സ് അക്കൗണ്ടിൽ ഓൺ ലൈനിൽ ഒടുക്കുന്ന ചുമതല ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ടോ;ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | എ) ഉണ്ട്. പൊന്നുംവില ഓഫീസുകളിലെ സാങ്കേതിക സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും, ഇ-ഫയലിംഗ് ചെയ്യുന്ന ഫയൽ "TRACES"-ൽ അപ് ലോഡ് ചെയ്യുന്നത് ഫെസിലിറ്റേഷൻ സെൻറർ വഴിയേ സാധിക്കുകയുള്ളൂ എന്നതിനാലും വിവരങ്ങൾ ഓൺലൈനിൽ അപ് ലോഡ് ചെയ്യുന്നതിന് പ്രത്യേക ലൈസൻസ് ആവശ്യമുള്ളതിനാലും, ആയതിന് വേണ്ട സാങ്കേതിക പരിശീലനം ജീവനക്കാർക്ക് ലഭിച്ചിട്ടില്ലാത്തതിനാലും, ഇൻകം ടാക്സ് അധികാരികളുടെ നിർദ്ദേശമനുസരിച്ച് പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ട പരിഹാരത്തുകയിൽ നിന്നും പിടിക്കുന്ന ഇൻകം ടാക്സ് (റ്റി.ഡി.എസ്) ടാക്സ് അക്കൗണ്ടിൽ ഓൺലൈനിൽ ഒടുക്കുന്ന ചുമതല ചില ജില്ലകളിൽ ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്. |
| ബി) ഔട്ട് സോഴ്സിംഗ് ചുമതല ഏറ്റെടുത്തിട്ടുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, സ്ഥലമുടമകളിൽ നിന്നും അമിത ഫീസ് ഈടാക്കുന്ന | ബി) ഇല്ല |

| | | | |
|---|---|---|---|
| | കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | | |
| സി) | ഇക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം അന്വേഷിക്കുമോ; | സി) | ഈ വിഷയത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | ഔട്ട് സോഴ്സിംഗ് ഫീസിനത്തിൽ 2015-16 ൽ എന്ത് തുക നൽകിയിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ? | ഡി) | ഔട്ട് സോഴ്സ് ഫീസിനത്തിൽ 2015-16 കാലയളവിൽ 84912/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ